# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4050** **25.06.2014-ലെ മറുപടിക്ക്**

## റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) റേഡിയേഷൻ സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ ചുമതല പ്പെടുത്തിയിട്ടുള്ള റെഗുലേറ്ററി ബോഡിയായ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ എക്സ്റേ, സ്കാനിംഗ് യൂണിറ്റുകൾ, മറ്റ് റേഡിയേഷൻ ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തനത്തിൽ റേഡിയേഷൻ സുരക്ഷ ഉറപ്പു വരുത്തുക, ഉപകരണങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുക. റേഡിയോ ഗ്രാഫർമാർ, മറ്റ് റേഡിയേഷൻ വർക്കർമാർ എന്നിവർക്ക് തുടർച്ചയായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, റേഡിയേഷൻ സുരക്ഷ സംബന്ധിച്ച പൊതുജന ബോധവൽക്കരണം നടത്തുക, ഈ രംഗത്തെ ശാസ്ത്രീയ പഠന-ഗവേഷണ പ്രവർത്തനങ്ങൾ, സർവ്വേ എന്നിവയ്ക്ക് നേതൃത്വം നൽകുക, റേഡിയോളജി ഉപകരണങ്ങൾ വാങ്ങുന്നതിന് ഗവ. ആശുപത്രികൾക്ക് സാങ്കേതികോപദേശം നൽകുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. വ്യാവസായിക-കാർഷിക ഗവേഷണ രംഗത്ത് ഉപയോഗിക്കുന്ന റേഡിയേഷൻ ഉപകരണങ്ങളുടെ സുരക്ഷ നിയന്ത്രിക്കാനും മൊബൈൽ ഫോൺ |

| | |
|---|---|
| | റേഡിയേഷൻ സംബന്ധിച്ച സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ ആരംഭിക്കാനും വകുപ്പിന് പരിപാടിയുണ്ട്. ഇത് സംബന്ധിച്ച കേന്ദ്ര അറ്റോമിക് എനർജി റെഗുലേറ്ററി ബോർഡ് കേരളത്തിലെ അതിന്റെ ചുമതലകൾ ഉടനെ ഡി.ആർ.എസ് ന് നൽകും എന്ന് അറിയിച്ചിട്ടുണ്ട്. |
| സി) ഇതിൽ എത്ര ജീവനക്കാരുണ്ടെന്നും ഇപ്പോൾ ഏതു വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ; | സി) ഈ വകുപ്പിൽ ഇപ്പോൾ 14 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 8 ജീവനക്കാർ ജോലി ചെയ്യുന്നു.<br>ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലാണ് ഡി.ആർ.എസ്. പ്രവർത്തി ക്കുന്നത് എന്നാൽ സാമ്പത്തിക കാര്യങ്ങളിൽ ബജറ്റ് നിയന്ത്രണാധികാരങ്ങൾ നിർവ്വഹിക്കുന്നത് (ബഡ്ജറ്ററി കൺട്രോളിംഗ് ഓഫീസർ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ആണ്. |
| ഡി) ഇതിനെ പ്രത്യേക വകുപ്പാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

*സെക്ഷൻ ഓഫീസർ*